## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **11.11.2019-ൽ മറുപടിക്ക്**

**നമ്പർ.3673**

<u>പി.എസ്.സി പരീക്ഷകൾക്കായി തയ്യാറാക്കുന്ന ചോദ്യങ്ങൾ</u>

**ചോദ്യം** **ഉത്തരം**

**ശ്രീ.** വി.ഡി.സതീശൻ

" റോജി എം. ജോൺ

" സണ്ണി ജോസഫ്

" **പി.ടി.തോമസ്**

**പിണറായി വിജയൻ**

**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | പി.എസ്.സി.യുടെ പരീക്ഷകൾക്കുവേണ്ടി അദ്ധ്യാപകർ ചോദ്യങ്ങൾ തയ്യാറാക്കുമ്പോൾ ഗൈഡുകളിൽ നിന്നുള്ള ചോദ്യങ്ങൾ എടുക്കുവാൻ പാടില്ല എന്ന നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി പി.എസ്.സി. നടത്തുന്ന പല പരീക്ഷകളുടെയും ചോദ്യങ്ങൾ ഗൈഡുകളിൽ നിന്നും പകർത്തി ചോദിക്കുന്നു എന്ന പരാതി വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ചുരുക്കം ചില പരീക്ഷകൾക്ക് ഇത്തരത്തിൽ പരാതി ലഭിച്ചിട്ടുണ്ട്. |
| (സി) | 22.01.2019 ന് പി.എസ്.സി. നടത്തിയ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ്-2 പരീക്ഷയ്ക്ക് ചോദിച്ച ചോദ്യങ്ങളിൽ ഭൂരിഭാഗവും യൂണിവേഴ്സൽ പബ്ലിക്കേഷൻസിന്റെ മൾട്ടിപ്പിൾ ചോയിസ് ക്വസ്റ്റ്യൻസ് ഫോർ ജുഡീഷ്യൽ സർവ്വീസ് എക്സാമിനേഷൻസ് എന്ന പരീക്ഷാ സഹായിയിൽ നിന്നും പകർത്തിയതാണെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ വിജിലൻസ് വിഭാഗം സമഗ്രമായ അന്വേഷണം നടത്തിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ പരിശോധനയിൽ വെളിപ്പെട്ട കാര്യങ്ങളും പ്രസ്തുത ചോദ്യ പേപ്പർ തയ്യാറാക്കിയ അദ്ധ്യാപകനെതിരെ സ്വീകരിച്ച നടപടിയും അറിയിക്കാമോ; | (ഡി) | ചോദ്യപേപ്പർ തയ്യാറാക്കിയ വിദഗ്ധനെതിരെ നടപടികൾ സ്വീകരിക്കത്തക്ക രീതിയിലുള്ള ക്രമക്കേടുകൾ ഒന്നും തന്നെ കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല. |
| (ഇ) | വ്യാപകമായ പരാതി ഉണ്ടായ സാഹചര്യത്തിൽ പ്രസ്തുത പരീക്ഷ റദ്ദാക്കണമെന്ന ആവശ്യം പി.എസ്.സി. പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (ഇ) | പരീക്ഷ റദ്ദ് ചെയ്യുന്നതിനുള്ള കാരണങ്ങൾ ഒന്നും തന്നെ കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയില്ല. |

സെക്ഷൻ ഓഫീസർ